സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീം

* 414 [442] ശ്രീ. എം. ജിനദേവൻ :
,, വി. ജെ. തങ്കപ്പൻ :
,, ടി. കെ. ഹംസ :
,, ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഇതുവരെ എത്ര കോടി രൂപയുടെ പോളിസി സർക്കാർ ജീവനക്കാർക്കു നൽകിയിട്ടുണ്ട്;

(ബി) എത്ര ജീവനക്കാരെ ഈ സ്കീമിൽ ചേർത്തിട്ടുണ്ട് ;

(സി) ഇത് അർഹരായ ജീവനക്കാരുടെ എത്ര ശതമാനം വരും ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) .

(എ) നാളിതുവരെ 35,21,45,246 രൂപയുടെ പോളിസികൾ സർക്കാർ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

(ബി) 70,000 ജീവനക്കാർക്ക് ഈ പദ്ധതിയനുസരിച്ചുള്ള പോളിസികൾ നൽകിയിട്ടുണ്ട്. 3500 പേർക്കുകൂടി പോളിസികൾ നൽകുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) അർഹരായവരെയെല്ലാം ഈ പദ്ധതിയിൽ ചേർത്തിട്ടുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ : ഈ സ്കീം അനുസരിച്ച് അർഹതയുള്ള എല്ലാവരേയും ചേർത്തിട്ടുണ്ടെന്ന് പറഞ്ഞു. അർഹതക്കുള്ള നോംസ് അല്ലെങ്കിൽ പ്രിൻസിപ്പിൾസ് എന്താണെന്ന് പറയാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : 45 വയസ്സിനുള്ളിൽ സർവ്വീസിൽ കയറുന്ന ആളുകൾക്കാണ് പോളിസിയെടുക്കാൻ ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നത്. അവരുടെ ഒരു വർഷം സർവ്വീസ് പൂർത്തിയാകുന്ന അവസരംതന്നെ പോളിസിയെടുക്കണമെന്ന് നിർബന്ധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് നൂറു ശതമാനം ആളുകളും ആ പോളിസിയെടുക്കുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ : ഈ പോളിസിയിൽ കൊണ്ടുവരപ്പെടാൻ ഇനി എത്ര പേർ ബാക്കിയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് വെളിപ്പെടുത്തുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഈ സ്കീമനുസരിച്ച് സർക്കാർ സർവ്വീസിൽ പ്രവേശിച്ച് കഴിഞ്ഞാൽ സർക്കാർ സർവ്വീസ് ജീവനക്കാർ അതിനർഹരാണ്. പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സിനും മറ്റും ഇതു ബാധകമാക്കിയിട്ടില്ല. ഗവൺമെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവരെക്കൂടി ഈ സ്കീമിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇപ്പോൾ ഇരുപതിൽപരം ഇൻഷ്വറൻസ് പദ്ധതികൾ നേരിട്ട് നടത്തുന്നുണ്ടെന്നും, ഇത് കൂടാതെ ഫിഷർമെൻ ആക്ടിൽ പറഞ്ഞിട്ടുള്ള ഇൻഷ്വറൻസ് പദ്ധതികൾ തുടങ്ങിയവയും, മറ്റ് ഏജൻസികൾ വഴി നടത്തുന്ന ഇൻഷ്വറൻസ് പദ്ധതികളും ഉണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ; സർക്കാരിന്റെ എല്ലാ ഇൻഷ്വറൻസ് പദ്ധതികളും ഈ വകുപ്പു വഴി മാത്രം നടത്താനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. നമ്മുടെ സംസ്ഥാനത്തിന് വരുമാനമുണ്ടാകണമെങ്കിൽ സംസ്ഥാനത്തിലെ ലൈഫ് ഇൻഷ്വറൻസ് സ്കീം വിപുലപ്പെടുത്തണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പക്ഷേ ഇപ്പോൾ നാഷണലൈസ് ചെയ്ത ജനറൽ ഇൻഷ്വറൻസ് കമ്പനി ഉള്ളതുകൊണ്ടു ചില പ്രവർത്തനങ്ങൾ അവർ നടത്തുന്നുണ്ട്. പക്ഷേ സർക്കാരിന്റെ ലോൺ കൊടുക്കുന്നതിനും മറ്റും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇൻഷ്വറൻസ് വേണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : നമ്മുടെ സംസ്ഥാനത്തിലെ എല്ലാ സർക്കാർ ജീവനക്കാരുടേയും ആവശ്യം പരിഗണിച്ച് എല്ലാ ജില്ലാ തലങ്ങളിലും സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ ഓഫീസുകൾ തുറക്കുവാൻ ഗവൺമെൻ്റ് സന്നദ്ധമാണോ ? ഇല്ലെങ്കിൽ ആഫീസ് തുറക്കുന്നതിൽ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : എല്ലാ സ്ഥലങ്ങളിലും ഇൻഷ്വറൻസിന്റെ ഓഫീസുകൾ രൂപീകരിക്കുകയെന്നുള്ളത് ഗവൺമെൻറിന് അധിക ചെലവുണ്ടാക്കുന്നതാണ്. ഉദ്യോഗസ്ഥൻമാർക്കേതെങ്കിലും അസൗകര്യമുണ്ടെങ്കിൽ അത് പരിശോധിച്ച് അവിടെ സ്ഥാപിക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ജില്ലാതല ഓഫീസുകൾ തുറക്കുന്നതിന്റെ പ്രായോഗികബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. പാലക്കാട് ജില്ലയിൽ ഇതിന്റെ ജില്ലാതല ഓഫീസ് തുറക്കണമെന്ന് ഞാൻ തന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് മെമ്മോറാണ്ടം നൽകിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ അത് നടപ്പിലാക്കുന്നതിന് എന്താണ് കാലതാമസം ; അതിന് എന്തെങ്കിലും സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ആണോ ? നമ്മുടെ ഗവൺമെൻറിന് വരുന്ന സാമ്പത്തിക നഷ്ടം പരിഗണിച്ചെങ്കിലും ഇത്തരം ജില്ലാതല ഓഫീസുകൾ വിശേഷിച്ചും പാലക്കാട് ജില്ലയിൽ തുറക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : കഴിയുന്നത്ര ജില്ലാ തലസ്ഥാനങ്ങളിൽ ഇൻഷ്വറൻസിന്റെ ഓഫീസ് ഉണ്ടാകണമെന്നുള്ളത് തന്നെയാണ് ഗവൺമെൻറിന്റെ നയം. പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മിക്കവാറും അനുകൂലമായ ഒരു തീരുമാനം ഗവൺമെൻറ് എടുക്കുന്നതാണ്.

ശ്രീ. ടി. വി. വിജയരാജൻ : മോട്ടോർ ബസ്സുകൾക്ക് നേരത്തേ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതിലേക്കുള്ള മുഴുവൻ തുകയും കമ്പനികളായിരുന്നു കൊടുത്തിരുന്നത് എന്നാൽ ഇപ്പോൾ അതിന്റെ ഉടമസ്ഥർ കൊടുക്കേണ്ട ഒരുസ്ഥിതിയിലേക്ക് മാറിയിരിക്കുകയാണ്. ഇപ്പോൾ പ്രത്യേകിച്ച് വ്യത്യാസം വരാനുള്ള കാരണമെന്താണെന്ന് പറയാമോ ?

മി. സ്പീക്കർ : അത് വേറെ ചോദ്യമാണല്ലോ.

ആഗ്രോ ഇൻഡസ്ട്രീസ് - കോർപ്പറേഷൻ

* 415 (443) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

2/1931/87/V.

LIBRARY ARCHIVES Kerala Legislative Assembly